**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാംസമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 769 | 29/11/2018 ൽ മറുപടിക്ക്

**ശബരിമല മാസ്റ്റർ പ്ലാൻ**

ചോദ്യം | മറുപടി

ശ്രീ.രാജു എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല, ബേസ് ക്യാമ്പായ നിലയ്ക്കൽ,എന്നിവിടങ്ങളിലെ ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണങ്ങൾ സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തുന്നതിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി എന്നാണ് പ്രസ്തുത സ്ഥലങ്ങളിൽ സന്ദർശനം നടത്തിയത്; സമിതിയുടെ കണ്ടെത്തലുകൾ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; | (എ) & (ബി) | 27/10/2018, 28/10/2018 എന്നീ തീയതികളിൽ ആണ് സന്ദർശനം നടത്തിയത്. അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഏതെങ്കിലും നിർമ്മാണങ്ങൾ നടന്നിട്ടുള്ളതായി കമ്മിറ്റി ചൂണ്ടിക്കാട്ടുകയോ ഏതെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണമോ നിർമ്മിച്ചവ ഒഴിവാക്കുകയോ ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാൻ അനുസരിച്ച് നിർമ്മിക്കുക എന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

13

# നോട്ട്

വിഷയം: Central Empowered കമ്മറ്റി റിപ്പോർട്ട്.

പ്രൊ.ശോഭീന്ദ്രൻ, ഗ്രീൻ വേൾഡ്, കോഴിക്കോട് എന്ന ആളിന്റെ പരാതിയിര IA No.63946, 35372 of 2017, 202/1995 എന്ന റിട്ട് പെറ്റിഷൻ (സിവിൽ) എന്നീ കേസുകളുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മറ്റി 27.10.2018, 28.10.2018 എന്നീ തീയതികളിൽ എരുമേലി, നിലയ്ക്കൽ, പമ്പ, ശബരമമല എന്നിവിടങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുകയുണ്ടായി.

പരാതിയിലെ പ്രശ്നങ്ങൾ പരിഗണിച്ച് കമ്മറ്റി നേരിട്ടുള്ള പരിശോധനകൾക്ക് ശേഷം താഴെപ്പറയുന്ന ശുപാർശകൾ നൽകിയിട്ടുള്ളതാണ്.

1. സന്നിധാനത്ത് ദേവസ്വം ബോർഡിന്റെ കൈയിലുള ഭൂമി, വിവിധ സർക്കാർ ഉത്തരവുകളിലൂടെ നൽകിയിട്ടുള്ള ഭൂമിയുമായി യോജിപ്പുള്ളതായി കാണുന്നില്ല.
2. സന്നിധാനം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിലെ Layout Plan പൂർത്തീകരിച്ചിട്ടില്ലാത്തതും, ഉത്തരവാദപ്പെട്ട അധികാരിയുടെ അംഗീകാരം ഇല്ലാത്തതുമാണ്.
3. സന്നിധാനത്ത് തിരക്ക് കുറയ്ക്കുന്നതിന് വേണ്ടി പൊളിച്ച് മാറ്റേണ്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും, നിലയ്ക്കലിൽ തീർത്ഥാടകർക്ക് ആവശ്യമായി ചെയ്യേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കേണ്ടതുമാണ്.
4. ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം മന്ത്രാലയം, കേരള സർക്കാരിന്റെ KIIFB എന്നീ പദ്ധതികളിലുള്ള നിർമ്മാണ റപവർത്തനങ്ങൾ Layout Plan തയ്യാറാക്കാതെ നടത്തുവാൻ പാടില്ല.
5. പമ്പയിൽ ഉണ്ടായിരുന്ന കെട്ടിടങ്ങൾ ആണ് കഴിഞ്ഞ പെരുമഴക്കാലത്ത് പുഴയിൽകൂടി ഉള്ള വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിനുള്ള കാരണമായതെന്നും, ഇവ പുഴയുടെ തീരത്ത് 50 മീറ്ററിന് ഉള്ളിലാണ് നിലവിലുള്ളത് എന്നും, അതിനാൽ ബഹു.സുപ്രീം കോടതി താഴെപ്പറയുന്ന കാര്യങ്ങളിൽ കേരളാ സർക്കാരിന് നിർദ്ദേശം നൽകുന്നതാണെന്നും വിവരിച്ചിരിക്കുന്നു.

1) വനഭൂമി കൈ മാറ്റം ചെയ്തിട്ടുള്ള സ്ഥലങ്ങളിലൊന്നും കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം എന്നിവ ഒഴിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ Layout Plan പൂർത്തിയാക്കാതെ നടപ്പിലാക്കാൻ പാടുള്ളതല്ല.
2) പമ്പാ തീരത്ത് പ്രളയ ബാധിതമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളോ, അവനന്നാക്കുന്ന പ്രവൃത്തികളോ ചെയ്യാൻ പാടില്ല.
3) മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കുന്ന ദൂര പരിധിയായ പുഴയിൽ നിന്നും 50 മീറ്ററിന് ഉള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഉത്തരവാദിത്വം ആർക്ക് ആണെന്ന് തീരുമാനിക്കേണ്ടതാണ്.

ഈ വിഷയങ്ങളിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയ്ക്കും ഉത്തരവിനുമായാണ് 2018 ഒക്ടോബർ 31 -ലെ Central Empowered കമ്മറ്റിയിലെ മെമ്പർ സെക്രട്ടറിയായ ശ്രീ.അമർനാഥ് ഷെട്ടി റിപ്പോർട്ട് നൽകിയിട്ടുള്ളത്.

Plan
Section Officer